# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഒാക്ടോബർ 3**

---

## എം.ജി സർവകലാശാലാ രജിസ്ട്രാറായി ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ചുമതലയേറ്റു

*മഹാത്മാ ഗാന്ധി സർവകലാശാല രജിസ്ട്രാറായി ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ചുതമലയേന്നു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ സാന്നിധ്യത്തിലായിരുന്ന നടപടികൾ.*

*എം.ജി സർവകലാശാലാ രജിസ്ട്രാർ പദവിയിൽ നിയമിക്കപ്പെടുന്ന ആദ്യ വനിതയാണ് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെൻറ് സ്റ്റഡീസ്, ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് എന്നിവയുടെ മേധാവിയായ ഡോ. ബിസ്മി.*

*ചടങ്ങിൽ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ്, രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന ഡോ. കെ. ജയചന്ദ്രൻ, ഫിനാൻസ് ഓഫീസർ ബിജു മാത്യു, കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ, ടീച്ചേഴ്സ് അസോസിയേഷൻ സെക്രട്ടറി ഡോ. എം.കെ. ബിജു, സർവകലാശാലാ എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് കെ.ടി. രാജേഷ് കുമാർ എന്നിവർ സംസാരിച്ചു. വകുപ്പ് മേധാവികൾ, അധ്യാപകർ, ജിവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.*
*(പി.ആർ.ഒ/39/887/2024)*

## പരീക്ഷാഫലം

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2023 അഡ്മിഷനുകൾ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/888/2024)*

## പിഎച്ച്ഡി പ്രവേശന പരീക്ഷാ

*എം.ജി സർവകലാശാലയുടെ പിഎച്ച്ഡി പ്രവേശന പരീക്ഷയ്ക്ക് ഒക്ടോബർ എട്ട് വരെ അപേക്ഷ സമർപ്പിക്കാം.* https://researchonline.mgu.ac.in *എന്ന ലിങ്ക് മുഖേനയാണ് അപേക്ഷ സ്വീകരിക്കുന്നത്.*
*(പി.ആർ.ഒ/39/889/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**